Jagratha-051

Vol.2, Issue17
17-05-2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**പ്രധാന വാർത്തകൾ**

01. ഏകജാലക സംവിധാനം നടപ്പിലാക്കരുത് : ഐക്യ-ജാഗ്രതാ കമ്മീഷൻ
02. ഇടതു സർക്കാർ ന്യൂനപക്ഷ പീഢനം നടത്തുന്നു : സിസ്റ്റർ ജെസി കുര്യൻ
03. ചരിത്രത്തെ വളച്ചൊടിക്കുന്ന പാഠപുസ്തകം പിൻവലിക്കണം : രമേശ് ചെന്നിത്തല
04 സ്വാശ്രയ എൻജി. കോളേജുകൾ ഇനി 3 വിഭാഗം ; ഫീസ് പുതുക്കി.
05. കെ.സി.വൈ.എം തീരദേശ രക്ഷായാത്ര.
06. മാർക്സിസ്റ്റ് ന്യൂനപക്ഷാനുഭവത്തിനു പിന്നിൽ ഭരിക്കുന്നവരോടുള്ള എതിർപ്പ് : മാർ പൗവ്വത്തിൽ
07. കുട്ടികൾ നാടിന്റെ നട്ടെല്ലാവണം : മാർ ജോസഫ് കല്ലറങ്ങാട്ട്

## 01. ഏകജാലക സംവിധാനം നടപ്പിലാക്കരുത് : ഐക്യ - ജാഗ്രതാ കമ്മീഷൻ

ഹയർ സെക്കൻഡറി പ്രവേശനം ഏകജാലക സംവിധാനത്തിലൂടെ നടപ്പിലാക്കാനുള്ള സർക്കാർ തീരുമാനം പിൻവലിക്കണമെന്ന് കെ.സി.ബി.സി ഐക്യ - ജാഗ്രതാ കമ്മീഷൻ ആവശ്യപ്പെട്ടു. പൊതു വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്ന ഏകജാലക സംവിധാനം നടപ്പിലാക്കരുത്. ഏകജാലക സംവിധാനം സ്ക്കൂൾ മാനേജർമാരുടെയും, മാതാപിതാക്കളുടെയും കുട്ടികളുടെയും അവകാശത്തിൻമേലുള്ള കടന്നുകയറ്റമാണ്. ഏകജാലക സംവിധാനം ഭരണഘടനാ വിരുദ്ധവും ന്യൂനപക്ഷ വിദ്യാഭ്യാസ ഏജൻസികളുടെ പ്രവർത്തനത്തിൽ സംസ്ഥാന സർക്കാരിന്റെ കടന്നു കയറ്റവുമാണ്. തിരുവനന്തപുരം ജില്ലയിൽ പ്രയോഗിച്ച് പരാജയപ്പെട്ട ഏകജാലക സംവിധാനം ഏന്തിനുവേണ്ടിയാണ് സംസ്ഥാനം മുഴുവൻ അടിച്ചേൽപ്പിക്കുന്നത്? വേണ്ടത്ര ചർച്ചയോ പരിശോധനയോ ഇല്ലാതെ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്നത് മാർക്സിസ്റ്റ് പാർട്ടിയുടെ രഹസ്യ അജൻഡയാണ്. ഏകജാലക സംവിധാനം വളഞ്ഞ വഴിയിലൂടെ അവകാശങ്ങൾ കയ്യേറാനുള്ള സർക്കാർ തന്ത്രമാണ്. വിദ്യാഭ്യാസ മേഖലയിലെ നിലവാരം ഒട്ടും മെച്ചപ്പെടുത്തുവാൻ സാധിക്കാത്ത സംസ്ഥാന സർക്കാർ, നിലവിലുള്ള നിലവാരം കൂടി നശിപ്പിക്കുവാനുള്ള ശ്രമത്തിലാണ്.

ഏകജാലക സംവിധാനത്തെക്കുറിച്ച് കെ.സി.ബി.സി ഐക്യ - ജാഗ്രതാ കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച യോഗത്തിൽ പി.ഒ.സി ഡയറക്ടർ റവ.ഡോ. സ്റ്റീഫൻ ആലത്തറ അദ്ധ്യക്ഷത വഹിച്ചു. ഐക്യ - ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ, ഫാ ജോർജ്ജ് കുരുക്കൂർ, റ്റി.സി തോമസ്, മിസിസ്സ് ത്രേസ്യാമ്മ എന്നിവർ പ്രസംഗിച്ചു.

## 02. ഇടതു സർക്കാർ ന്യൂനപക്ഷ പീഢനം നടത്തുന്നു : സിസ്റ്റർ ജെസി കുര്യൻ

(മലയാള മനോരമ 14-05-2008)

കേരളത്തിലെ ഇടതുപക്ഷ സർക്കാർ ന്യൂനപക്ഷങ്ങളോട് നിഷേധാക്മകമായ നിലപാടാണു സ്വീകരിച്ചുവരുന്നതെന്ന് ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ അംഗം സിസ്റ്റർ ജെസി കുര്യൻ. സംസ്ഥാനത്തു ന്യൂനപക്ഷ പീഢനക്കഥകൾ മാത്രമാണ് കാണാൻ കഴിയുന്നതെന്നും അവർ പറഞ്ഞു. കേരളത്തിൽ മൂന്നു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനിടെ കൊച്ചിയിലെത്തിയതായിരുന്നു സിസ്റ്റർ ജെസി കുര്യൻ. സർക്കാർ നിലപാടിനെതിരെ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നു 95 പരാതികളാണു ലഭിച്ചത്. സ്ക്കൂളിലെ നിയമനം, അംഗീകാരം നിഷേധിക്കപ്പെടുന്നത് എന്നിവയെക്കുറിച്ചാണ് ഇവയിലേറെയും.

ന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ അകാരണമായി പീഢിപ്പിക്കപ്പെടുന്നതായി സിസ്റ്റർ ജെസി കുര്യൻ പറഞ്ഞു. ന്യൂനപക്ഷ നേതാക്കളുമായും സർക്കാർ പ്രതിനിധികളുമായും ചർച്ച നടത്തി ജനാധിപത്യ മാർഗ്ഗത്തിലൂടെ പ്രശ്നം പരിഹരിക്കാനാകുമെന്നാണ് പ്രതീക്ഷ. കേരളത്തിൽ ന്യൂനപക്ഷങ്ങൾ അഭിമുഖൂകരിക്കുന്ന പ്രശ്നങ്ങൾ പരമാവധി പരിഹരിക്കാൻ ശ്രമിക്കുമെന്നും അവർ പറഞ്ഞു.

**03. ചരിത്രത്തെ വളച്ചൊടിക്കുന്ന പാഠപുസ്തകം പിൻവലിക്കണം: രമേശ് ചെന്നിത്തല**

(ദീപിക 12-05-2008)

ചരിത്രത്തെ വളച്ചൊടിച്ച് പുതുതായി തയ്യാറാക്കിയ ഏഴാംക്ലാസിലെ സാമൂഹ്യശാസ്ത്രപാഠപുസ്തകം പിൻവലിക്കണമെന്ന് കെ.പി.സി.സി പ്രസിഡന്റ് രമേശ് ചെന്നിത്തല അഭിപ്രായപ്പെട്ടു. ചങ്ങനാശേരി എസ്.ബി ഹയർ സെക്കൻഡറി സ്കൂളിൽ നടന്നുവന്ന കെ.എ.പി.ടി യൂണിയൻ സംസ്ഥാന നേതൃത്വ ക്യാമ്പിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സിലബസ് പരിഷ്കരണത്തിന്റെ പേരിൽ പാഠപുസ്തകങ്ങളിൽ കമ്യൂണിസ്റ്റ് ആശയങ്ങളും നയങ്ങളും തിരുകി കയറ്റാൻ ശ്രമിക്കുകയാണ്. ഏഴാം ക്ലാസിൽ പാഠപുസ്തകത്തിൽ സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളെയും ഇതിനു നേതൃത്വം നൽകിയ സമരസേനാനികളെയും ചെറുതാക്കി വികലമാക്കാനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിയിരിക്കുന്നത്.

ഏകജാലകം പോലുള്ള ഏകപക്ഷീയമായ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിനു പിന്നിൽ സ്വകാര്യ വിദ്യാഭ്യാസ മേഖലയെ തകർക്കുന്നതിനുള്ള രഹസ്യ അജണ്ടയാണ് സർക്കാരിനുള്ളത്. സി.പി.എം തന്നെ വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്തതിനു പിന്നിലും ഈ ലക്ഷ്യമാണുള്ളത്. ക്രൈസ്തവ സഭാ മേലധ്യക്ഷന്മാരെയും സമുദായ നേതാക്കളെയും അധിക്ഷേപിക്കുന്ന സി.പി.എം നിലപാടിനെതിരെ ജനാധിപത്യ വിശ്വാസികൾ പ്രതികരിക്കുമെന്നും അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസ മന്ത്രി എം.എ.ബേബിയുടെ ബുദ്ധിയിൽ നിന്നുദിക്കുന്ന പരീക്ഷണങ്ങൾ നടപ്പാക്കാനുള്ള ഗിനിപ്പന്നികളല്ല വിദ്യാഭ്യാസവകുപ്പും വിദ്യാർഥികളുമെന്നും രമേശ് കൂട്ടിച്ചേർത്തു. കെ.എ.പി.ടി യൂണിയൻ സംസ്ഥാന പ്രസിഡന്റ് ഡി.എ.ഹരിഹരൻ അധ്യക്ഷത വഹിച്ചു.

**04. സ്വാശ്രയ എൻജി. കോളേജുകൾ ഇനി 3 വിഭാഗം; ഫീസ് പുതുക്കി.** (മലയാള മനോരമ 09-05-2008)

സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ പുതുക്കിയ ഫീസ് നിരക്ക് ജസ്റ്റിസ് പി.എ മുഹമ്മദ് കമ്മിറ്റി പ്രഖ്യാപിച്ചു. അടിസ്ഥാന സൗകര്യങ്ങളുടെയും മാനേജ്മെന്റുകളുടെ മുതൽ മുടക്കിന്റെയും അടിസ്ഥാനത്തിൽ കോളേജുകളെ മൂന്നു വിഭാഗമായി തിരിച്ചാണ് ഫീസ് നിശ്ചയിച്ചിരിക്കുന്നത്. മികച്ച സൗകര്യമുള്ള ഒന്നാം വിഭാഗത്തിൽ വരുന്ന 24 എൻജിനീയറിംഗ് കോളേജുകൾക്ക് 40,000 രൂപ ഫീസും 75,000രൂപ പലിശരഹിത നിക്ഷേപവുമാണ് നിശ്ചയിച്ചിരിക്കുന്നത്.

രണ്ടാം വിഭാഗത്തിൽ വരുന്ന 11 കോളേജുകളുടെ ഫീസ് 38.700 രൂപയും നിക്ഷേപം 50,000 രൂപയുമാണ്. മൂന്നാം വിഭാഗത്തിൽ വരുന്ന 17 കോളേജുകൾക്ക് ഫീസ് 38,700 രൂപയാണെങ്കിലും നിക്ഷേപമില്ല. ഓരോ കോളേജിനോടും ഓഡിറ്റ് റിപ്പോർട്ടും ബാലൻസ് ഷീറ്റും ഹാജരാക്കാൻ മുഹമ്മദ് കമ്മിറ്റി ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ചാണ് കോളേജുകളെ തരം തിരിച്ചത്. ഓഡിറ്റ് റിപ്പോർട്ടും ബാലൻസ് ഷീറ്റും ഹാജരാക്കാത്ത കോളേജുകളെയാണു കരുതൽ നിക്ഷേപമില്ലാത്ത മൂന്നാം വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മെറിറ്റ് സീറ്റ് - മാനോജേമെന്റ് സീറ്റ് എന്ന രീതിയിൽ സർക്കാരും മാനേജ്മെന്റുകളും സീറ്റ് പങ്കുവെയ്ക്കുന്നതിൽ കമ്മിറ്റി ഇടപെടില്ലെന്നും എന്നാൽ അതനുസരിച്ച് ഫീസ് പുതുക്കി നിശ്ചയിക്കുന്നുണ്ടെങ്കിൽ അതിന് കമ്മിറ്റിയുടെ അംഗീകാരം നേടിയെടുക്കണമെന്നും ജസ്റ്റിസ് മുഹമ്മദ് പറഞ്ഞു. ഈ വർഷം പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്കാണ് പുതുക്കിയ ഫീസ് നിരക്ക് ബാധകം. കഴിഞ്ഞ വർഷം എല്ലാ എൻജിനീയറിംഗ് കോളേജുകൾക്കും 38,700 രൂപയാണ് പൊതു ഫീസായി കമ്മിറ്റി നിശ്ചയിച്ചിരുന്നത്. നിക്ഷേപം അനുവദിച്ചിരുന്നുമില്ല. എന്നാൽ പിന്നീട് മാനേജ്മെന്റും സർക്കാരും തമ്മിലുണ്ടായ ധാരണ പ്രകാരം ഫീസ് പുതുക്കി നിശ്ചയിച്ചിരിക്കുകയായിരുന്നു. നിക്ഷേപവും വാങ്ങാൻ അനുമതി നൽകി.

05. കെ.സി.വൈ.എം തീരദേശ രക്ഷായാത്ര (11-05-2008)

മാറിമാറി വരുന്ന സർക്കാരുകൾ തീരദേശവാസികളെ അവഗണിക്കുന്നതിനെതിരെ കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ മുനമ്പം മുതൽ തിരുവന്തപുരം വരെ നടത്തുന്ന തീരദോശ രക്ഷാ യാത്ര നടത്തി. കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് എജി പറപ്പാട്ട്, ജനറൽ സെക്രട്ടറി സോണി പവേലിൽ എന്നിവർ നയിച്ച തീരദേശ രക്ഷാ യാത്ര കോട്ടപ്പുറം ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ മുനമ്പത്ത് ഉദാഘാടനം ചെയ്തു. കെ.എൽ.സി.എ സംസ്ഥാന പ്രസിഡന്റ് റാഫൽ ആന്റണി, കെ.ആർ എൽ.സി.സി ജനറൽ സെക്രട്ടറി ഫാ. സ്റ്റീഫൻ ജി. കുളക്കായത്തിൽ, പ്രൊഫ. കെ.വി. തോമസ് എം.എൽ.എ, പി.എഫ് ലോറൻസ്, ഷെറി, സിജോ ഡേവിഡ് തുടങ്ങിയവർ പ്രസംഗിച്ചു.

എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവന്തപുരം തുടങ്ങിയ ജില്ലകളിൽ നടത്തിയ പ്രയാണത്തിൽ ഫാ. ജെയ്സൺ കൊള്ളന്നൂർ, സിസ്റ്റർ ജീൻ മേരി, ജോൺ ബ്രിട്ടോ തുടങ്ങിയവർ നേതൃത്വം നൽകി. തീരദേശത്ത് പ്രഖ്യാപിക്കപ്പെടുന്ന വികസന പ്രവർത്തനങ്ങളും പദ്ധതികൾ എല്ലാക്കാലത്തും അട്ടിമറിക്കപ്പെടുകയാണ്. സുനാമിയിൽ നാശനഷ്ടങ്ങൾ സംഭവിച്ചത് സംബന്ധിച്ച് പലയിടത്തും പരിശോധനയും തെളിവെടുപ്പും നടക്കുന്നതല്ലാതെ അർഹതപ്പെട്ടവരുടെ ലിസ്റ്റ് ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ല. കടൽ ഭിത്തി നിർമാണവും കണ്ടൽ വനവത്കരണവും ഒരിഞ്ചുപോലും മുന്നോട്ടു പോയിട്ടില്ല. സുനാമി ബാധിതരുടെ സ്ക്കോളർഷിപ്പ് വിതരണം അട്ടിമറിക്കപ്പെടുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്തതിൽ അഴിമതി കണ്ടെത്തി. പുതിയ തീരദേശ മേഖല പരിപാലന നിയമവും പുറത്തു വരാൻ പോകുകയാണെന്ന് കെ.സി.വൈ.എം വ്യക്തമാക്കി. ഈ സാഹചര്യത്തിൽ കേന്ദ്ര ഫിഷറീസ് വകുപ്പ് സ്ഥാപിക്കാൻ സമ്മർദം ചെലുത്തുക, തീരദേശ വികസന അതോറിറ്റി രൂപീകരിക്കുക, അറബിക്കടലിനെ വന്ധ്യയാക്കുന്ന വിദേശ ട്രോളറുകളുടെ ലൈസൻസ് റദ്ദാക്കുക, മത്സ്യതൊഴിലാളികളുടെ മുഴുവൻ കടങ്ങളും എഴുതിത്തള്ളുക എന്നിവയാണ് കെ.സി.വൈ.എം ഉയർത്തിയ പ്രധാന ആവശ്യങ്ങൾ.

06. മാർക്സിസ്റ്റ് ന്യൂനപക്ഷാനുഭവത്തിനു പിന്നിൽ ഭരിക്കുന്നവരോടുള്ള എതിർപ്പ് : മാർ പൗവ്വത്തിൽ

(മംഗളം 13-05-2008)

ഒറീസ്സയിലും ഗുജറാത്തിലും മാർക്സിസ്റ്റുകൾ ന്യൂനപക്ഷ അനുഭാവം പ്രകടിപ്പിച്ചതിനു പിന്നിൽ മതവിശ്വാസങ്ങൾ പുലരണമെന്ന നിർബന്ധമല്ലെന്നും ഭരിക്കുന്നവരോടുള്ള എതിർപ്പാണെന്നും ആർച്ച് ബിഷപ് മാർ ജോസഫ് പൗവ്വത്തിൽ. മതേതരത്വം എന്ന ആശയത്തോടുള്ള വ്യത്യസ്ത സമീപനമാണ് ചങ്ങനാശേരിയിൽ നടന്ന സമ്മേളനത്തിൽ ചർച്ച ചെയ്തതെന്നും രാഷ്ട്രീയപാർട്ടികളുടെ ഗുണദോഷങ്ങളോ വർഗീയതയോ അവിടെ പരാമർശവിധേയമായില്ലെന്നും പവ്വത്തിൽ പ്രസ്താവനയിൽ അഭിപ്രായപ്പെട്ടു. പാർട്ടിവാക്താവായ ഒരു ബുദ്ധിജീവി മതം പൊതുരംഗത്തേക്ക് കടക്കുന്നതിനെ എതിർക്കുകയും മതം ഒരു സ്വകാര്യവിഷയം മാത്രമാണെന്നു സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്ത കാര്യം സമ്മേളനത്തിൽ സൂചിപ്പിക്കാനിടയായി.

മാർക്സിസ്റ്റ് വീക്ഷണത്തിലുള്ള മതവിരുദ്ധതയാണ് യഥാർത്ഥ മതേതരത്വം എന്നാണ് പരാമർശത്തിലൂടെ പാർട്ടി വക്താവ് അർത്ഥമാക്കിയത്. മതം സമൂഹത്തിൽ കടന്നു വരുന്നത് അധിനിവേശമാണെന്നും പറയുന്നവർക്ക് മതന്യൂനപക്ഷങ്ങളുടെ സാംസ്കാരികവും ധാർമികവുമായ പ്രവർത്തനങ്ങളോട് എങ്ങനെ പൊരുത്തപ്പെടാനാവും? പൗവ്വത്തിൽ ചോദിച്ചു. മതേതരത്വം എന്നാൽ മതത്തിനു യാതൊരു പ്രസക്തിയുമില്ലാത്ത അവസ്ഥയാണെന്ന നിലപാടുള്ളവർക്കാണ് വിദ്യാലയത്തിലൂടെ മതപരമായ സംസ്കാരം നിലനിർത്തുന്ന രീതി അസ്വീകാര്യമാകുന്നത്. തങ്ങളുടെ കാഴ്ചപ്പാടിലുള്ള മതേതരത്വം അഥവാ മതനിഷേധമാണ് ഇക്കൂട്ടർ കേരളത്തിൽ നടപ്പാക്കാൻ ശ്രമിക്കുന്നത്. വർഗ്ഗീയതയും മാർക്സിസവും ഒരേപോലെ എതിർക്കപ്പെടേണ്ടതാണ്. വർഗീയവാദികൾ ഒരേ മതത്തിന്റെ ആധിപത്യത്തിനു വേണ്ടി നിലകൊള്ളുന്നവരും മാർക്സിസ്റ്റുകൾ മതത്തെ നിഷേധിക്കുന്നവരുമാണ്. ഇവ രണ്ടും ഉചിതമല്ലെന്ന് പവ്വത്തിൽ അഭിപ്രായപ്പെട്ടു.

**07. കുട്ടികൾ നാടിന്റെ നട്ടെല്ലാവണം : മാർ ജോസഫ് കല്ലറങ്ങാട്ട്** (ദീപിക 13-05-2008)

മാതൃഭൂമിയുടെ നൻമകൾ സ്വാംശീകരിച്ച് വളർന്ന് കുട്ടികൾ നാടിന്റെ നട്ടെല്ലായി തീരണമെന്ന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. നമ്മുടെ നാട്ടിലെ സൗകര്യങ്ങൾ ഉപയോഗിച്ച് പഠിച്ചു വളർന്ന് പണമുണ്ടാക്കാൻ മാത്രം മറുനാട്ടിൽ പോയി ജോലി ചെയ്യുന്നതിലല്ല മറിച്ച് നാടിന് സേവനം ചെയ്യുന്നതിലാണ് വ്യക്തിത്വത്തിന്റെ മഹത്വമെന്ന് മാർ കല്ലറങ്ങാട്ട് പറഞ്ഞു. ദീപിക ബാലസഖ്യം കോട്ടയം പ്രവിശ്യ ജൂണിയർ ക്യാമ്പ് അമനകര ചാവറ ഇന്റർ നാഷണൽ സ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മാർ കല്ലറങ്ങാട്ട്.കേരളം കണ്ട ഏറ്റവും വലിയ ബാലജന സമ്മേളനങ്ങളിൽ ഒന്നായ പാലായിൽ നടത്തിയ ദീപിക ബാലസഖ്യത്തിന്റെ ലക്ഷം പുഷ്പമേളയുടെ ചരിത്ര പ്രാധാന്യത്തെ ബിഷപ് ചൂണ്ടിക്കാട്ടി. കേരളത്തിന്റെ ചരിത്രത്തിന്റെ ഭാഗമാകുന്ന സംഭവങ്ങൾക്ക് നേതൃത്വം നൽകുന്ന ദീപിക ബാലസഖ്യം പല ചരിത്ര പുരുഷൻമാരേയും രൂപീകരിക്കാനും നേതൃത്വം നൽകിയിട്ടുണ്ട്.

ഡി.സി.എലിന്റെ നാം ഒരു കുടുംബം എന്ന മുദ്രാവാക്യത്തിലൂടെ മതേതര ഭാരതത്തിന്റെ ഒരു ചെറിയ പരിഛേദമാണ് ക്യാമ്പിൽ രൂപപ്പെട്ടിരിക്കുന്നതെന്നും മാർ കല്ലറങ്ങാട്ട് കൂട്ടിച്ചേർത്തു.നൻമ നിറഞ്ഞ ഒരു സമൂഹ സൃഷ്ടി എന്ന ദീപിക ദിനപത്രത്തിന്റെ അടിസ്ഥാന ലക്ഷ്യം ഇതൾ വിരിയുന്നത് ദീപിക ബാലസഖ്യത്തിലൂടെയാണെന്ന് വിശിഷ്ടാഥിതിയായി പങ്കെടുത്ത രാഷ്ട്ര ദീപിക മാനേജിംഗ് ഡയറക്ടർ സുനിൽ ജോസഫ് കൂഴമ്പാല പറഞ്ഞു.ബാലമനസിന് നൻമയുടെ വെളിച്ചം പകരാൻ ദീപിക ബാലസഖ്യത്തിന് കഴിയുമെന്ന് സ്വന്തം ഡി.സി.എൽ അനുഭവങ്ങൾ വിവരിച്ചു കൊണ്ട് അധ്യക്ഷനായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് തോമസ് കുന്നപ്പള്ളി പറഞ്ഞു.വിദ്യാഭ്യാസത്തിന്റെ യഥാർഥ അർഥവും ആഴവും കുട്ടികൾ അനുഭവിക്കുന്നത് ഡി.സി.എൽ ക്യാമ്പിലൂടെയാണെന്ന് മുഖ്യപ്രഭാഷണം നടത്തിയ ജില്ലാ കളക്ടർ ഷർമ്മിള മേരി ജോസഫ് പറഞ്ഞു. കൊച്ചേട്ടൻ ഫാ.റോയി കണ്ണഞ്ചിറ ആമുഖ പ്രംസഗം നടത്തി. രാമപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റോയി എലിപ്പുലിക്കാട്ട്, ജില്ലാ പഞ്ചായത്തംഗം മോളി പീറ്റർ, സ്കൂൾ പ്രിൻസിപ്പൽ ഫാ.ഫിലിപ്പ് നെച്ചിക്കാട്ടിൽ, പ്രവിശ്യാ സെക്രട്ടറി തോമസ് കുണിഞ്ഞി എന്നിവർ പ്രസംഗിച്ചു. ഡി.സി.എൽ സംസ്ഥാന സെക്രട്ടറി മാസ്റ്റർ ടോണി.സി തോമസ് സ്വാഗതവും പ്രവിശ്യാ കോ-ഓർഡിനേറ്റർ പി.ടി തോമസ് നന്ദിയും പറഞ്ഞു. സ്കൂളിലെത്തിയ വിശിഷ്ടാഥികളെ സ്വീകരിക്കാൻ സ്കൂൾ ബാന്റ് ഒരുക്കിയ താളക്കൊഴുപ്പും കലാപരിപാടികളും പരിപാടിക്ക് മാറ്റുകൂട്ടി. വൈകുന്നേരം 5.30 ന് ഫാ.ജോബി വള്ളിപ്പാലം പതാക ഉയർത്തി. കോട്ടയം ജില്ലയിലെ വിവിധ മേഖലിയിൽ നിന്നുള്ള നൂറ്റമ്പതോളം കുട്ടികളാണ് നാലു ദിവസമായി നടക്കുന്ന ജീവിത ദർശന ക്യാമ്പിൽ പങ്കെടുക്കുന്നത്.

◆◆◆◆◆◆◆◆